# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 ഫെബ്രുവരി 11, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

13 (*121,*142 &*149) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണവും നിർവ്വഹണവും

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) നൽകിയ മറുപടിയിൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2012-13 വർഷത്തെ പദ്ധതി രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച് പഞ്ചായത്ത്, ജില്ലാ സംസ്ഥാനതലങ്ങളിൽ വിലയിരുത്തലുകൾ നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ 2012-13 വർഷത്തേയ്ക്ക് ഉത്പാദന മേഖലയിലും സേവനമേഖലയിലും പശ്ചാത്തല മേഖലയിലുമായി 8534.71 കോടി രൂപയുടെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകൾ പദ്ധതി വിഹിതത്തിന്റെ 28 ശതമാനം ഇന്നുവരെ ചെലവഴിച്ചുകഴിഞ്ഞു. പഞ്ചവത്സര പദ്ധതി നടത്തിപ്പിൽ മുൻവർഷങ്ങളിൽ അനുവർത്തിച്ചുവന്ന രീതികൾ ലഘൂകരി

ക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 12-ാം പഞ്ചവൽസര പദ്ധതിയുടെ ആദ്യ വർഷമായ 2012-13 വർഷം ആസൂത്രണ പ്രക്രിയകൾ പരിഷ്കരിക്കുകയും ടി വർഷത്തെ വാർഷിക പദ്ധതി പ്രോജക്ടുകളുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് തീയതി നീട്ടിക്കൊടുക്കുകയും ചെയ്തു. 2013 ജനുവരി 31-ലെ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 78.51 ശതമാനവും കോർപ്പറേഷനുകളിൽ 15-01-2012 വരെ 91.07 ശതമാനവും നഗരസഭകളിൽ 76.09 ശതമാനവും ബ്ലോക്ക് പഞ്ചായത്തുകളിൽ 68 ശതമാനവും തുക ചെലവഴിക്കാനുണ്ട്. സുലേഖ സോഫ്റ്റ്വെയറിലൂടെയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി മാർഗ്ഗരേഖ തയ്യാറാക്കുന്നത്. ഒരു തദ്ദേശഭരണ സ്ഥാപനത്തിന് ലഭ്യമാകുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നും മേഖലാ പരിധിയിലുള്ള പ്രോജക്ടുകൾക്കും പ്രത്യേക പദ്ധതികൾക്കും നിർബന്ധമായും വകയിരുത്തേണ്ട തുക വകയിരുത്തിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുള്ള വാലിഡേഷൻ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ കേന്ദ്രാവിഷ്കൃത തലത്തിലെ തനത് ഫണ്ട്, ഗുണഭോക്തൃ വിഹിതം, എം.എൽ.എ./എം.പി. ഫണ്ട് തുടങ്ങിയ സ്രോതസ്സുകൾ കൂടി കണക്കിലെടുത്താണ് തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കിയിരിക്കുന്നത്. 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപപ്പെടുത്തുന്ന വാർഷിക പദ്ധതി രേഖ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതും പ്രോജക്ടുകൾ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേലുദ്യോഗസ്ഥൻ 20 പ്രവൃത്തി ദിവസത്തിനുള്ളിൽ അത് പരിശോധിച്ച് അംഗീകാരം നൽകേണ്ടതും അംഗീകാരം കിട്ടുമ്പോൾത്തന്നെ പദ്ധതി നിർവ്വഹണം നടത്താവുന്നതുമാണ്.

ഭൂരിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പദ്ധതി രേഖയ്ക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. അവശേഷിക്കുന്നവ പരിശോധിച്ച് അംഗീകാരം നൽകുന്ന പ്രക്രിയ ഡി.പി.സി.കളുടെ നേതൃത്വത്തിൽ ത്വരിതഗതിയിൽ നടന്നുവരികയാണ്. മുൻവർഷങ്ങളിലെപ്പോലെ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാർച്ച് 31-ന് മുമ്പായി നിശ്ചിത ശതമാനം പദ്ധതി പണം ചെലവഴിക്കാൻ സാധിക്കുമെന്ന് കരുതുന്നു. പദ്ധതി ചെലവിന്റെ കാര്യത്തിൽ ഫിനാൻസ് വകുപ്പിന്റെ തടസ്സമുണ്ടാകില്ല. ഫണ്ട് വകുപ്പുകളിൽ ഡെപ്പോസിറ്റ് ചെയ്യുന്നത് ഒഴിവാക്കി സാധാരണ ജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി ലഭ്യമാക്കുന്ന പണം അവരുടെ കൈകളിൽത്തന്നെ എത്തിക്കുന്നതാണ്. തനത് വരുമാനമില്ലാത്ത പഞ്ചായത്തുകൾക്ക് കപ്പാസിറ്റി ബിൽഡിംഗിനുവേണ്ടിയുള്ള ട്രെയിനിംഗ് കൊടുത്തുകൊണ്ട് സ്വന്തമായി വരുമാനമുണ്ടാക്കുന്നതിന് രണ്ടുവർഷത്തേയ്ക്ക് വേൾഡ് ബാങ്ക് ധനസഹായം ലഭ്യമാക്കുകയും ടി.എസ്.പി./എസ്.ഇ.പി. ഫണ്ടുകൾ ഫലപ്രദമായി ചെലവഴിക്കുന്നതിനുവേണ്ടി ഗൈഡ്‌ലൈൻസിൽ മാറ്റങ്ങൾ വരുത്തി ഫാമിലി ബേസ്ഡ് പ്രോജക്ടുകൾക്ക് മുൻതൂക്കം കൊടുക്കുകയും ചെയ്യുന്നതാണ്. ഗുണഭോക്തൃ വിഹിതം വാങ്ങാതെ പദ്ധതികൾ നടപ്പിലാക്കുന്നതിന് 75 ശതമാനം തുക പഞ്ചായത്തുകൾക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് വകുപ്പു മന്ത്രിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി കൂട്ടായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. പ്രൊഡക്ടീവ് സെക്ടറിൽ ഫിസ്കൽ ടാർജറ്റ് മോണിട്ടർ ചെയ്യുന്ന സംവിധാനം പരിഗണിക്കും. എം.എൽ.എ./എം.പി. ഫണ്ടുകളും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതവും ചെലവഴിക്കുന്നതിലെ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും

പ്രോജക്ടുകളുടെ വിശദവിവരങ്ങൾ അറിയുന്നതിന് എം.എൽ.എ. മാർക്ക് പ്രത്യേകമായി യൂസർ ഐ.ഡി.യും പാസ്‌വേഡും നൽകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

14 (*122) <u>വിഷൻ 2030 പദ്ധതിയുടെ വിലയിരുത്തൽ</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി ജോസഫ്) നൽകിയ മറുപടിയിൽ, സംസ്ഥാന സർക്കാർ തയ്യാറാക്കുന്ന പരിപ്രേക്ഷ്യ പദ്ധതി വിഷൻ 2030-ന്റെ പുരോഗതി സംസ്ഥാന ആസൂത്രണ ബോർഡ് തുടർച്ചയായി വിലയിരുത്തുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റുകളും അടിസ്ഥാന വിവരങ്ങളും ഓരോ മേഖലയിലും 2030-ൽ കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളെ സംബന്ധിക്കുന്ന പ്രാഥമിക നിർദ്ദേശങ്ങളും ബന്ധപ്പെട്ട വികസന വകുപ്പുകൾ തയ്യാറാക്കുകയുണ്ടായി. പദ്ധതി തയ്യാറാക്കുന്നതിനുള്ള രീതിശാസ്ത്രം ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും വിദഗ്ദ്ധരെയും പങ്കെടുപ്പിച്ചുകൊണ്ട് 2012 ആഗസ്റ്റ് 3-ന് തിരുവനന്തപുരത്തു വച്ച് നടത്തിയ ശില്പശാലയിലെ നിർദ്ദേശങ്ങളുടെയും തുടർന്ന് വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിൽ രീതിശാസ്ത്രം അന്തിമമാക്കി. പരിപ്രേക്ഷ്യ പദ്ധതിയുടെ പ്രാഥമിക കരട് തയ്യാറാക്കുകയും അവ സമ്പുഷ്ടമാക്കുന്നതിനായി 2013 ഫെബ്രുവരി രണ്ടാം വാരം തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ വച്ച് ഒരു ശില്പശാല സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വികസന മേഖലകളിൽ ദീർഘവീക്ഷണ പദ്ധതികൾ യാഥാർത്ഥ്യബോധത്തോടെ

മുൻകൂട്ടി തയ്യാറാക്കി യഥാസമയം നടപ്പാക്കുകയും അതിലൂടെ കേരളത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുകയുമാണ് വിഷൻ 2030-ന്റെ ലക്ഷ്യം. പദ്ധതിയുടെ കരട് സംബന്ധിച്ച് ആസൂത്രണ ബോർഡ് തലത്തിൽ ചർച്ച ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതോടൊപ്പം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് പൊതുജനങ്ങളിൽ നിന്നും വിദഗ്ദ്ധരിൽ നിന്നും അഭിപ്രായങ്ങൾ ക്ഷണിക്കുന്നതിനും എല്ലാ വിഭാഗം സ്റ്റേക്ക്ഹോൾഡർമാർ, രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ എന്നിവരുമായി ചർച്ചകൾ നടത്തി അവരിൽനിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിനും അത് ആസൂത്രണ ബോർഡിന്റെ സമ്പൂർണ്ണ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടി പ്രസിദ്ധീകരിക്കുവാനുമാണുദ്ദേശിക്കുന്നത്. ഈ പദ്ധതി തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് എക്കണോമിക് റിസർച്ച് എന്ന സ്ഥാപനം വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി ആവിഷ്കരിക്കുന്ന വിഷൻ 2030 എന്ന പദ്ധതിയിൽ ഭക്ഷ്യസുരക്ഷയും കാർഷിക മേഖലയും, മാലിന്യ സംസ്കരണം, അടിസ്ഥാന സൗകര്യങ്ങളും ട്രാൻസ്പോർട്ടേഷനും, എനർജി ഷോർട്ടേജ്, വാട്ടർ ഷെഡ് മാനേജ്മെന്റ്, വിദ്യാഭ്യാസം, ആരോഗ്യം, എംപ്ലോയ്മെന്റ് & എംപ്ലോയബിലിറ്റി, ഗ്രാമീണ വികസനം, സോഷ്യൽ അപ്ലിഫ്റ്റ്മെന്റ് & വൾനറബിലിറ്റി എന്നീ പത്ത് മേഖലകളാണുൾപ്പെടുത്തിയിരിക്കുന്നതെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1481 മുതൽ 1873 വരെയുള്ള ചോദ്യങ്ങളിൽ 124 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)

.